# വിജയപഥം

## കൊട്ടാരക്കര വിദ്യാഭ്യാസ ജില്ല

**QP 01 ML 10** SSLC PRE MODEL EXAMINATION 2022 - 23

**Class : 10** മലയാളം Time 1 1/2hr

കേരളപാഠാവലി **mark:40**

---

### പൊതു നിർദ്ദേശങ്ങൾ

**ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്.**

**ചോദ്യങ്ങൾ ശരിയായി വായിച്ച് മനസ്സിലാക്കിയശേഷം മാത്രം ഉത്തരം എഴുതുക.ഉത്തരമെഴുതുമ്പോൾ സ്കോർ ,സമയം എന്നിവ പരിഗണിക്കണം**

---

**( 1 മുതൽ 5 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് മാത്രം ഉത്തരം എഴുതുക**

**( ഓരോന്നിനും 1 സ്കോർ )** **4x1=4**

**1.**"സർവ്വദമനൻ എന്ന് മഹർഷിമാർ നിനക്ക് പേരിട്ടത് ശരിതന്നെ" സർവദമനൻ എന്ന പേരിന്റെ അർത്ഥം എന്താണ്

(അഹങ്കാരി, സ്നേഹസമ്പന്നൻ,എല്ലാറ്റിനെയും അടക്കുന്നവൻ,പുരുവംശത്തിൽ ജനിച്ചവൻ)

**2.** മടിത്തട്ടിൽ താങ്ങിക്കിടത്തീ വാത്സല്യാർദ്രം

അടിവരയിട്ട പദത്തിന്റെ ശരിയായ വിഗ്രഹ രൂപം ചുവടെ കൊടുത്തിരിക്കുന്നതിൽ നിന്നും എടുത്തെഴുതുക.

.വാത്സല്യവും ആർദ്രവും

.വാത്സല്യത്തിന്റെ ആർദ്രം

-വാത്സല്യത്താൽ ആർദ്രം

-വാത്സല്യമായ ആർദ്രം.

**3.** അശ്വമേധം എന്ന കവിതയിലെ അശ്വം എന്തിന്റെ പ്രതീകമാണ്?

(ജാഗ്രത ,വേഗത,സർഗ്ഗശക്തി, സംഹാരശക്തി)

**4.** "ഇത് നിലമുഴുന്ന പോലെയോ പാറപൊട്ടിക്കുന്നപോലെയോ അല്ല .ആത്മാവിന്റെ വെളിപാടുകളാണ് " .

ഇവിടെ സൂചിപ്പിക്കുന്നത് എന്ത് ?

( മദ്യപാനം,നോവലെഴുത്ത്,ഉറക്കം,പ്രാർത്ഥന)

**5** .അവൻ പറഞ്ഞതെല്ലാം പാകപ്പെടുത്തി സ്വന്തം വകയായി ചില സരസ്വതി വിലാസങ്ങളും ചേർത്ത് ഞാൻ മടയനായ മകന് തുടരെത്തുടരെ കത്തുകൾ എഴുതിയയച്ചു.

അടിവരയിട്ട പ്രയോഗം സന്ദർഭത്തിനു നൽകുന്ന സവിശേഷാർത്ഥം കണ്ടെത്തുക.

.തനിക്ക് തോന്നുന്നതുപോലെ എഴുതി

.ഭാഷാപരമായ മേന്മ നിലനിർത്തി എഴുതി.

.തൻെറസന്തോഷത്തിനായി എഴുതി.

.വൃദ്ധ പറഞ്ഞത് പോലെ മാത്രം എഴുതി.

**6** മുതൽ **8** വരെ ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് മാത്രം ഉത്തരം എഴുതുക.(ഓരോന്നിനും രണ്ട് സ്കോർ )

**6.**അർത്ഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കുക.

ചവിട്ടടിപ്പാതയ്ക്കിരുവശവും നിന്ന് കരിമ്പനകളിൽ കാറ്റു പിടിച്ചു. പട്ടകളിൽ കാറ്റിരമ്പുന്നത് വെള്ളായിയപ്പന് അന്നാദ്യമായി അപരിചിതമായി തോന്നി.

**7.**പാണ്ഡവരുടെ വിജയത്തെ 'വല്ലപാട്ടും നേടിയ വിജയം 'എന്ന് വിശേഷിപ്പിച്ചത് എന്തുകൊണ്ട് ?

**8.**ചവറുകൾക്ക് പകരം ബുക്കി നോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണെന്നെനിക്ക് തോന്നി. ശരൺകുമാർ ലിംബാളെയുടെ ജീവിതാവസ്ഥയെകുറിച്ച് വെളിവാക്കുന്ന രണ്ട് സൂചനകൾ എഴുതുക .

**9** മുതൽ **14** വരെ ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് മാത്രം ഉത്തരം എഴുതുക

(അരപ്പുറം വീതം .ഓരോന്നിനും **4** സ്കോർ ) **4x5=20**

**9.**"ഞാൻ ഇന്ത്യയിൽ ജനിക്കാൻ ആഗ്രഹിക്കുന്നു മാഡം .ഇന്ത്യ എത്ര നല്ല നാടാണ് " വൃദ്ധന്റെ വാക്കുകളോടുള്ള നിങ്ങളുടെ പ്രതികരണം എന്താണ്?കുറിപ്പ് തയ്യാറാക്കുക.

**10.**തെറ്റുകുറ്റങ്ങൾക്ക് മാപ്പ് നൽകുന്ന സ്നേഹത്തിന്റെ വ്യവസ്ഥയാണ് 'പാവങ്ങൾ 'എന്ന നോവലിൽ മെത്രാൻ നമുക്ക് കാട്ടിത്തരുന്നത്. പ്രസ്താവന വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

**11.** "അന്യജീവനുതകിസ്വജീവിതം

ധന്യമാക്കുമമലേ വിവേകികൾ " കുമാരനാശാൻ

" അവനവനാത്മസുഖത്തിനാചരിക്കുന്നവ

യപരനുസുഖത്തിനായി വരേണം" ശ്രീനാരായണ ഗുരു

KTR EDN DIST

രണ്ട് കാവ്യഭാഗങ്ങളിലെയും ജീവിതവീക്ഷണം കണ്ടെത്തി താരതമ്യക്കുറിപ്പ് തയ്യാറാക്കുക .

**12.** "ആ ചരടുകളെല്ലാം കൂടി കെട്ടുപിണഞ്ഞ് ആ കെട്ടുകളിൽ കുരുങ്ങിക്കിടന്ന് എന്റെ ജീവിതം പിടയുന്നു "

"വഴിയരികിൽ വലിച്ചെറിയപ്പെട്ട ഒരു പാറക്കഷണം പോലെയല്ലേ ഇപ്പോൾ തന്റെ അവസ്ഥ "

**....**ഈ വാക്യങ്ങളിലൂടെ വെളിപ്പെടുന്ന ദസ്തയേവ്സ്കിയുടെ ജീവിതത്തെക്കുറിച്ച് നിങ്ങളുടെ നിരീക്ഷണങ്ങൾ എന്തെല്ലാം **?**കുറിപ്പ് തയ്യാറാക്കുക.

**13.**"പാരിലെന്നെയാരറിയാത്തവർ
വൈരി വൈരസേനിക്കിഹ ഞാൻ കലി
തവ ഞാൻ മിത്രം, തസ്യ നാട്ടു ഞാൻ
തേ തരുന്നു. ചൂതു പൊരുക, പോരിക "

കലി സ്വയം പരിചയപ്പെടുത്തുന്ന വാക്കുകളിലൂടെ കലിയുടെ എന്തൊക്കെ സ്വഭാവസവിശേഷതകളാണ് വെളിവാകുന്നത് **?** വിശദമാക്കുക.

**14.**' കണ്ടോ അച്ഛാ **?** ' വായിൽ നിന്ന് നീരാവിയുടെ ഒരു ചെറിയ മേഘത്തെ തുറന്നു വിട്ടുകൊണ്ട് ജൂലിയാന ചോദിച്ചു.ശീതകാലത്തിന്റെ പ്രഭാവത്തെ കീഴ്പ്പെടുത്തുന്ന ഒരു തീക്കനൽ കിഴവൻ മിറലിന്റെ നെഞ്ചിൽ വീണു.(ഉരുളക്കിഴങ്ങ് തിന്നുന്നവർ )

കഥാസന്ദർഭത്തിൽ നിന്നും കിട്ടുന്ന സൂചനകൾ എന്തെല്ലാം**?** വിശകലനക്കുറിപ്പ് തയ്യാറാക്കുക.

**15** മുതൽ **17** വരെ ചോദ്യങ്ങളിൽ ഏതെങ്കിലും **2** എണ്ണത്തിനു മാത്രം ഉത്തരമെഴുതുക.(ഒരു പുറം വീതം. ഓരോന്നിനും **6** സ്കോർ ) **6 x 2 = 12**

**15.** "ക്രോധംപരിത്യജിക്കണം ബുധജനം".

എഴുത്തച്ഛന്റെ ഈ ഉപദേശത്തിന്റെ പ്രസക്തി 'ലക്ഷ്മണ സാന്ത്വനം' എന്ന പാഠത്തിന്റെയും വർത്തമാനകാല സാഹചര്യത്തിന്റെയും അടിസ്ഥാനത്തിൽ കണ്ടെത്തി മുഖപ്രസംഗം തയ്യാറാക്കുക .

**16.** 'കടൽത്തീരത്ത്'എന്ന കഥയിൽ മകന്റെ ശവം ഏറ്റുവാങ്ങാൻ പോകുന്ന നിസ്സഹായനായ വെള്ളായിയപ്പൻ അനുഭവിക്കുന്ന മാനസിക സംഘർഷങ്ങളാണ് അവതരിപ്പിച്ചിട്ടുള്ളത് .വെള്ളായിയപ്പൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്ത് എഴുതുക

**17.**ആസ്വാദനം തയ്യാറാക്കുക

സ്മാരകം

അപ്പൂപ്പൻ താടിയുടെ പറക്കത്തെ
വിനീതമായ ഒരു ശ്രമമായി കാണണം
ചിറകുകളില്ല
ദേശാന്തരം വിധിച്ചിട്ടില്ല
ആകാശവും സ്വന്തമല്ല
എന്നിട്ടും അത് പറക്കുന്നു
കുഞ്ഞിനെയെന്നപോലെ
വിത്തിനെ മടിയിൽ വച്ച്
'അത്കാണുംസ്വപ്നത്തിലെ
മരത്തിന്റെ തണലിൽ
നാളെയൊരാൾവന്നിളവേൽക്കും"
എന്ന കവിത അതിനറിയില്ല
അറിവില്ലായ്മയുടെ ഭാരക്കുറവിൽ
അത് പറക്കുന്നു
അതിനെ പക്ഷിഎന്ന് വിളിക്കാതിരിക്കാൻ
നാം കാണിക്കുന്ന കരുണയിൽ
അത് കുറച്ചുകൂടി ദൂരം പോയേക്കും
ധീരമെങ്കിലും എളിയ അതിൻെറ ശ്രമം
വീണുപോകുന്നിടത്ത്
സ്മാരകമായി
ഉയർന്നു വന്നേക്കും
ആരുമറിയാതെ ..

വീരാൻ കുട്ടി

KTR EDN DIST